# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2075 06/02/2019-ൽ മറുപടിക്ക്

## ക്യാൻസർ രോഗം കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി) | |
| എ) | ക്യാൻസർ രോഗം മുൻകൂട്ടി കണ്ടുപിടിക്കുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു എന്ന് വ്യക്തമാക്കാമോ; | എ) | i) ക്യാൻസർ പ്രതിരോധത്തിനും മുൻകൂർ രോഗനിർണ്ണയത്തിനും ഊന്നൽ നൽകുക എന്ന ലക്ഷ്യത്തോട് കൂടി തിരുവനന്തപുരം ആർ.സി.സിയിൽ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം പ്രവർത്തിച്ചുവരുന്നു. ഇതു കൂടാതെ ആർ.സി.സിയുടെ നേതൃത്വത്തിൽ എറണാകുളത്ത് കല്ലൂരിലും പാലക്കാട് കഞ്ചിക്കോട്ടും കൊല്ലത്ത് നീണ്ടകരയിലും മുൻകൂർ കാൻസർ രോഗനിർണ്ണയ ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. വദനാർബുദം, സ്തനാർബുദം, ഗർഭാശയഗള ക്യാൻസർ എന്നിവയുടെ രോഗ നിർണ്ണയം ഇത്തരം ക്ലിനിക്കുകളിൽ നടത്തിവരുന്നുണ്ട്. ഇതു കൂടാതെ ആർ.സി.സിയുടെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്ന മുൻകൂർ ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങളും സന്നദ്ധസംഘടനകളുമായി ചേർന്ന് സമൂഹത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാൻസർ ബോധവൽക്കരണ ക്ലാസ്സുകളും ക്യാൻസർ നിർണ്ണയ ക്യാമ്പുകളും നടത്തി വരുന്നുണ്ട്. ക്യാൻസർ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി വിവിധ പരിശീലന പരിപാടികൾ ആർ.സി.സി സംസ്ഥാന ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തി വരുന്നുണ്ട്.<br>ii) വദനാർബുദം, സ്തനാർബുദം, ഗർഭാശയഗള ക്യാൻസർ എന്നീ ക്യാൻസറുകൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പരിപാടി ആരോഗ്യ വകുപ്പ് എല്ലാ സാമ്പത്തിക വർഷവും നടപ്പിലാക്കിവരുന്നു. ക്ലിനിക്കുകളിലൂടെയും ക്യാമ്പുകളിലൂടെയും ജില്ലാ ക്യാൻസർ കെയർ സെന്ററുകളിലൂടെയും ഈ രോഗം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രിയിൽ വദനാർബുദത്തിനുള്ള ക്യാൻസർ സ്ക്രീനിംഗും സ്തനാർബുദത്തിനുള്ള സ്തനപരിശോധനയും മാമോഗ്രാഫി പരിശോധനയും ഗർഭാശയഗളാർബുദം കണ്ടെത്തുന്നതിന് 'വയാ-വിലി (VIA-VILI)' പരിശോധനയും 'പാപാസ്മിയർ' പരിശോധനയും നടത്തി വരുന്നു.<br>iii) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ക്യാൻസർ രോഗം മുൻകൂട്ടി കണ്ടുപിടിക്കുന്നതിന് മാമോഗ്രാം, അൾട്രാസൗണ്ട് സ്കാനിംഗ്, സി.ടി സ്കാൻ, FNAC, പാപ്സ്മിയർ തുടങ്ങിയ പരിശോധനകൾ ലഭ്യമാണ്. കൂടാതെ മെഡിക്കൽ കോളേജുകളിലെ റേഡിയോ തെറാപ്പി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പി.എച്ച്.സി, സി.എച്ച്.സി, താലൂക്ക് ആശുപത്രികൾ, സന്നദ്ധസംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ട് ക്യാൻസർ ബോധവൽക്കരണ ക്ലാസ്സുകളും ക്യാമ്പുകളും നടത്തുന്നു. |
| ബി) | ഇതിനുവേണ്ടി കൂടുതൽ പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ? | ബി) | സ്വകാര്യമേഖലയുടെ സഹകരണത്തോടെ കൂടുതൽ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ചില ജില്ലകളിൽ ആരംഭിക്കുകയുണ്ടായി. കുടുംബരോഗ്യ കേന്ദ്രങ്ങളിൽ വച്ച് സ്ക്രീനിംഗ് നടത്തുന്നതും ആലോചനയിലാണ്. തിരുവനന്തപുരം, കൊച്ചി, മലബാർ ക്യാൻസർ സെന്ററുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആർ.സി.സിയുടെ ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന് ആവശ്യമായ പദ്ധതികളെപ്പറ്റി ആലോചിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ